(സി) ഈ കാലയളവിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ആരുംതന്നെ രാജിവച്ചോ വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയോ സർവ്വീസ് അവസാനിപ്പിച്ചിട്ടില്ല

ഐ.പി.എസ്.-ൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (KL:1983) വോളണ്ടറി റിട്ടയർമെന്റ് എടുത്തും ശ്രീ. ദീപക് രഞ്ജൻ ഐ.പി.എസ്. (KL:2009), ശ്രീ. ധീരജ് കുമാർ ഗുപ്ത ഐ.പി.എസ്. (KL:2010) എന്നിവർ 'technical resignation' വഴിയും ശ്രീ. വിനോദ് തോമസ് ഐ.പി.എസ്. (KL:1993), ശ്രീ. സുനിൽ അസ്ഥാനി ഐ.പി.എസ്. (KL:1999) എന്നിവർ 'Deemed Resignation' വഴിയും സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി.

## വിജിലൻസ് കേസ്സുകളിൽ പ്രതികളായ ഉദ്യോഗസ്ഥന്മാർ

**23 (27)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരിൽ എത്രപേർ വിജിലൻസ് കേസ്സുകളിൽ പ്രതികളായി നടപടി നേരിടുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ 2011 മേയ് മാസത്തിനുശേഷം പ്രതികളാക്കപ്പെട്ടവരുടെ പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ ;

ഉത്തരം

14 പേർ. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇവരിൽ ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്., ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ശ്രീ. ജിജി തോംസൺ ഐ.എ.എസ്., ശ്രീ. ശശിധരൻ ഐ.എഫ്.എസ്., ഡോ. അമിത്ത് മാലിക്ക് ഐ.എഫ്.എസ്. എന്നിവർ ഒഴികെയുള്ളവരെല്ലാം 2011 മേയ് മാസത്തിനു ശേഷം പ്രതി ചേർക്കപ്പെട്ട ഉദ്യോഗസ്ഥരാണ്.

## ജില്ലകളിൽ ഐ.എ.എസ്. അക്കാദമി

**24 (28)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ. എ. എസ് . അക്കാദമി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ. എ. എസ്. അക്കാദമി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly